നിയോഗിക്കുമെന്ന് തീരുമാനിച്ചു. വ്യവസ്ഥകൾ പ്രകാരം ഈ ആനുകൂല്യത്തിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. നിലവിൽ 138 പേർ ഇപ്രകാരം engage ചെയ്യുന്നുണ്ട്.

പെരിങ്ങോം കേന്ദ്രീകരിച്ച് വ്യവസായ വളർച്ചാ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി

147 (6311) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ പെരിങ്ങോം കേന്ദ്രീകരിച്ച് വ്യവസായ വളർച്ചാ കേന്ദ്രം ആരംഭിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പെരിങ്ങോം കേന്ദ്രീകരിച്ച് വ്യവസായ വളർച്ചാ കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.ഇ.ഒ.മാർ

148 (6315) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സി. ഇ. ഒ. മാരായി നിയമിക്കില്ല എന്നത് ഈ സർക്കാരിന്റെ നയമാണോ ;

(ബി) എങ്കിൽ പ്രസ്തുത നയത്തിന് വിരുദ്ധമായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ സി. ഇ. ഒ മാരായി റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സർക്കാർ നയത്തിന് വിരുദ്ധമാകയാൽ അവരെ തൽസ്ഥാനത്തുനിന്നും ഉടനടി നീക്കം ചെയ്യുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) & (സി) സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ പൊതുമേഖലാസ്ഥാപനങ്ങളുടെ സി.ഇ.ഒ.മാരായി നിയമിക്കുന്നത് പരമാവധി ഒഴിവാക്കുക എന്നതാണ് സർക്കാർ നയം. എന്നാൽ അനിവാര്യമായ സന്ദർഭങ്ങളിൽ, പുരുങ്ങിയ കാലത്തേയ്ക്ക് ചിലരെ കരാറടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly